'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം-മെഡിക്കൽ കോളേജ്-ഉള്ളൂർ-കൊച്ചുള്ളൂർ റോഡ് വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീ. ബി. പരമേശ്വരൻ നായർ ബഹു. തിരുവനന്തപുരം സബ് കോടതിയിൽ ഫയൽ ചെയ്ത LAR No.81/2012 കേസിലെ വിധി നടപ്പാക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർ പൊന്നുംവില സെക്ഷൻ 28 പ്രകാരം പാസ്സാക്കിയ അവാർഡ് തുകയായ 1,49,46,820/- രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.2663/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/11/2019

പരാമർശം:- 1 തിരുവന്തനന്തപുരം ജില്ലാ കളക്ടറുടെ 28/02/2019-ലെ K16.33408/16 നമ്പർ നടപടിക്രമം.

2 ജി.ഒ.(പി.)നം.32/2019/ഫിൻ. തീയതി 18/03/2019.

3 ട്രിഡ സെക്രട്ടറിയുടെ 27.04.2019 ലെ എ4/2631/2018/ട്രിഡ നമ്പർ കത്ത്.

4 .ബഹു. ലോകായുക്തയുടെ 20.07.2019 ലെ C.No.985/2018 പരാതിയിന്മേലുള്ള ഉത്തരവ്.

5 തിരുവനന്തപുരം ജില്ലാ കളക്ടറുടെ 02/08/2019-ലെ K16.33408/16 നമ്പർ കത്ത്

<u>ഉത്തരവ്</u>

തലസ്ഥാന നഗര വികസന പദ്ധതി (CRDP)യുടെ ഭാഗമായി പട്ടം-മെഡിക്കൽ കോളേജ് -ഉള്ളൂർ - കൊച്ചുള്ളൂർ പ്രദേശത്തെ റോഡ് വികസനത്തിനായി സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീ. ബി.പരമേശ്വരൻ നായർ ബഹു.തിരുവനന്തപുരം സബ് കോടതിയിൽ ഫയൽ ചെയ്ത LAR No.81/2012 കേസിലെ വിധി നടപ്പാക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർ പൊന്നുംവില സെക്ഷൻ 28 പ്രകാരം 1,49,46,820/- രൂപയുടെ അവാർഡ് പരാമർശം(1) പ്രകാരം പസ്സാക്കിയിരുന്നു. തിരുവനന്തപുരം ജില്ലാ കളക്ടറുടെ അവാർഡ് പ്രകാരമുള്ള തുക അടിയന്തിരമായി അനുവദിച്ച നൽകണമെന്ന് ട്രിഡ സെക്രട്ടറി പരാമർശം(3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത LAR കേസിലെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന് സാധ്യത ഇല്ല എന്ന് അഡ്വക്കേറ്റ് ജനറൽ അറിയിച്ചിട്ടുള്ളതായി തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം(5)ലെ കത്തിനോടൊപ്പം ഉള്ളടക്കം ചെയ്തിരുന്ന സ്റ്റേറ്റ്മെൻറ് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടം-മെഡിക്കൽ

കോളേജ്-ഉള്ളൂർ-കൊച്ചുള്ളൂർ റോഡ് വികസനത്തിന് സ്ഥലം എറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീ. ബി.പരമേശ്വരൻ നായർ ബഹു.തിരുവനന്തപുരം സബ് കോടതിയിൽ ഫയൽ ചെയ്ത LAR No.81/2012 കേസിലെ വിധി നടപ്പാക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർ പൊന്നുംവില സെക്ഷൻ 28 എ പ്രകാരം പാസ്സാക്കിയ അവാർഡ് തുകയായ 1,49,46,820/- രൂപയ്ക്ക് ഭരണാനുമതി നൽകി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, ട്രിഡ

ജില്ലാ കളക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (24/06/2019-ലെ ഡെവ.2/134/19/ധന. പ്രകാരം)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ